# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *631 — 03.04.2018-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം


ചോദ്യം

ശ്രീ.കെ.ഡി. പ്രസേനൻ
ശ്രീ.ജോർജ് എം. തോമസ്
ശ്രീ.ബി.സത്യൻ
ശ്രീ.കെ.ജെ. മാക്സി

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)


| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായതിന്റെ ഇരട്ടിത്തുക വകയിരുത്തിയ സർക്കാർ ഈ തുക ദുർവ്യയം ചെയ്യപ്പെടുന്നില്ലെന്നും നിശ്ചിത വികസന കാര്യങ്ങൾക്കായി യഥാസമയം വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | എ) | കേരള ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനായി 2017-18 ൽ 2.83% ഉപപദ്ധതി വിഹിതം സർക്കാർ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസനത്തിനായി സർക്കാർ വകയിരുത്തുന്ന തുക നിശ്ചിത വികസന കാര്യങ്ങൾക്കായി യഥാസമയം വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br><br>വിദ്യാഭ്യാസം, ഭവന നിർമ്മാണം, കൃഷി ഭൂമി നൽകൽ, തൊഴിൽ എന്നീ മേഖലകളിലാണ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പ്രധാനമായി ചിലവഴിക്കപ്പെടുന്നത്. 77215 വിദ്യാർത്ഥികൾ സ്കൂൾ തലത്തിലും 16939 പേർ പോസ്റ്റ്മെട്രിക് തലത്തിലും വിദ്യാഭ്യാസം നടത്തിവരികയാണ്. ഇവരുടെ വിദ്യാഭ്യാസത്തിനാവശ്യമായ മുഴുവൻ ചെലവുകളും സർക്കാർ വഹിക്കുകയാണ്. ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, യാത്രാസൗകര്യം, പഠനസഹായികൾ, |

| | | | |
|---|---|---|---|
| | | | വിവിധ സ്കോളർഷിപ്പുകൾ എന്നിവ യഥാസമയം നൽകി ഇവരുടെ വിദ്യാഭ്യാസം വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഒന്നാംതരത്തിൽ ചേരുന്ന കുട്ടികൾ അനുഭവിച്ചിരുന്ന ഭാഷാ പ്രശ്നം പരിഹരിക്കുവാൻ ഗോത്രബന്ധു പദ്ധതിയിലൂടെ മെന്റർ ടീച്ചർമാരെ ഏർപ്പെടുത്തി.<br>106 പ്രീമെട്രിക് ഹോസ്റ്റലുകൾ 4 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ 20 എംആർഎസുകൾ എന്നിവയും നടത്തി വരുന്നു. ഇവിടങ്ങളിലെല്ലാംകൂടി 12709 കുട്ടികൾ താമസിച്ചു പഠിച്ചുവരികയാണ്. ഇവരുടെ മുഴുവൻ ചെലവും സർക്കാർ വഹിക്കുകയാണ്. വകുപ്പിന്റെ പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് ഭാഗവും വിദ്യാഭ്യാസ മേഖലയിലാണ് ചെലവഴിക്കുന്നത്.<br>ഭവനനിർമ്മാണമാണ് മറ്റൊരു പ്രധാന മേഖല. ഈ സർക്കാർ വന്ന ശേഷം 12277 വീടുകളുടെ നിർമ്മാണം പട്ടിക വർഗ്ഗ വകുപ്പ് പൂർത്തിയാക്കി. അതിൽ 5454 വീടുകൾ ലൈഫ് പദ്ധതിയിൽ പൂർത്തീകരിച്ചതാണ്.<br>പട്ടികവർഗ്ഗക്കാർക്കുള്ള സങ്കേതതല പദ്ധതികളും വ്യക്തിഗത ഗുണഭോക്താക്കളെ ലക്ഷ്യമിടുന്ന പദ്ധതികളും ഊരുകൂട്ടങ്ങളിൽ വെച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്താണ് നിർവ്വഹണം നടത്തുന്നത്. ഊരുകൂട്ടം നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല |

| | | | |
|---|---|---|---|
| | | | വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച ശേഷമാണ് നടപ്പിലാക്കുന്നത്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിന്റെ പൊതുവായ സാമ്പത്തിക സാമൂഹിക, ആരോഗ്യ, പശ്ചാത്തല മേഖല വികസനത്തിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ പദ്ധതികൾ രൂപീകരിക്കുകയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും, ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിൽ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുമുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകി വരുന്നത്. പട്ടികവർഗ്ഗ വികസന പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിനും പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷ |

| | | | |
|---|---|---|---|
| | | | തയിലും പദ്ധതി വിലയിരുത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി.ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്. |
| ബി) | വീടില്ലാത്തവരായി ഇരുപത്തിയേഴായിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾ ഇനിയുമുണ്ടെന്നതിനാൽ ഇവരുടെ ഭവന നിർമ്മാണത്തിന് മുൻഗണന നൽകി വീട് അനുവദിക്കാനും പണി പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും വേണ്ട നടപടിയെടുക്കുമോ; | ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽ സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15176 കുടുംബങ്ങളും ഭൂരഹിതരും ഭവനരഹിതരും ആയ 11594 കുടുംബങ്ങളും ഉൾപ്പെടെ ആകെ 26770 ഭവനരഹിതരുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു, കൂടാതെ വിവിധ പദ്ധതിയിലുൾപ്പെടുത്തി വീട് അനുവദിച്ചതിൽ 31/03/2016 ന് മുമ്പ് പണിപൂർത്തീകരിക്കാത്ത മുഴുവൻ വീടുകളും ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചുവരുന്നു.<br>കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളുടെ നിർമ്മാണവും നടന്നു വരികയാണ്. |
| സി) | പൂർത്തീകരിക്കാതെ കിടക്കുന്ന വീടുകൾ എത്രയെന്നും ഇതിനിടയാക്കിയ സാഹചര്യവും അതു പരിഹരിക്കാനായി സ്വീകരിച്ച നടപടിയും അറിയിക്കാമോ? | സി) | 2011-12 മുതൽ 2016-17 വരെ വകുപ്പ് മുഖേന അനുവദിച്ച 24314 വീടുകളിൽ നാളിതുവരെ 6823 വീടുകൾ പൂർത്തീകരിച്ചു. 17491 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു വരികയാണ്. ഇതിൽ 31/03/2016 വരെ അനുവദിച്ചതും പൂർത്തിയാക്കാത്തതുമായ 12,851 വീടുകൾ ലൈഫ് മിഷനിൽ |

| | |
|---|---|
| | അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ആയതിൽ 5454 വീടുകൾ ലൈഫ്മിഷൻ മാനദണ്ഡ പ്രകാരമാണ് പൂർത്തിയാക്കിയത്. ശേഷിക്കുന്നവ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>വീടുപണിക്കുള്ള സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ജലക്ഷാമം, നിശ്ചിത തറ വിസ്തീർണത്തിൽ കൂടുതൽ ഉള്ള വീട് നിർമ്മിക്കുന്നത് തുടങ്ങിയവ പ്രവൃത്തി പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്. ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗഡുക്കളായി ലഭിക്കുമ്പോൾ ചില ഗുണഭോക്താക്കൾ അത്യാവശ്യ കാര്യങ്ങൾക്ക്, അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായമായി ലഭിച്ച തുക വകമാറ്റി ചെലവഴിക്കുന്ന സാഹചര്യവും ഉണ്ട്.<br><br>പൂർത്തീകരിക്കാത്ത വീടുകൾക്ക് പരമാവധി ആറ് ലക്ഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടത് ഭവനനിർമ്മാണ പുരോഗതിയെ ബാധിച്ചു.<br><br>പണി പൂർത്തീകരിക്കാത്ത മുഴുവൻ |

| | | | |
|---|---|---|---|
| | | | വീടുകളും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് നൽകി പൂർത്തീകരിച്ചു വരിക യാണ്. കൂടാതെ 2016-17ൽ അനുവദിച്ച വീടുകൾ ലൈഫ്മിഷന്റെ പരിധിയി ലുൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി വർഷം അനുവദിച്ച വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിൽ വർദ്ധിപ്പിച്ച ധന സഹായം അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ